## 1121

ആയുസ്സെന്തുള്ളു? നമുക്കിങ്ങായുസ്സുന്തുള്ളു?

1 ശോകമൂലഗാത്രം പല രോഗബീജങ്ങൾക്കു പാത്രം-ഇതിൽ
ജീവൻ നിൽപൊരു സൂത്രം നിനച്ചീടുകിലെത്രയോ ചിത്രം!

2 നാലു വിരലതിൻ നീളം കഥപോലെ കഴിയുമീ മേളം-ഉടൽ
ദീനതയാണ്ടൊരുനാളം അണുജീവികൾ പാർക്കുവാൻ മാളം-

3 നാടകത്തിൻ നടൻപോലെ മരുവിടുമീ മാനുജർ ചാലേ-നിജ
വേഷമൊഴിഞ്ഞിടും മേലേമൃതി വേഗമണയുന്ന കാലേ-

4 ഭാര്യമക്കൾക്കന്തുനേട്ടം ധനവീര്യമൊടുക്കുവാൻ നാട്ടം-കൈയി-
ലുള്ള കാലത്തു കൊണ്ടാട്ടം പണമില്ലാതെയാകുമ്പൊഴോട്ടം-

5 ബന്ധുമിത്രങ്ങളാൽ പൊന്തുവതേനന്ത കാലത്തവർ നൊന്തു-മനം
വെന്തിഹ കണ്ണുനീർ ചിന്തുമതിനന്തരമില്ലിതിലെന്ത്?-

6 ഇന്നു ഭരിച്ചിടും രാജ്യം നാളെയേന്തിടും കൈകളിൽ ഭോജ്യം-ഇര
ന്നീടുവാൻ പാത്രമന്നാജ്യം കണികാണ്മാനുമില്ലതി ശോച്യം-

7 മാളികമുകളിൽ കാണാമരശേറിയിരിപ്പോരെയീ നാള-വർ
നാളെ വെറും നിലത്താണു കിടന്നിടുവതെത്രയും കേണു-
**K.V.S.**